## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## <u>കൂട്ടിച്ചേർക്കൽ വിജ്ഞാപനം</u>

നമ്പർ: GR1A2/5/2025-KPSC-Part(1) തിരുവനന്തപുരം, 2025 നവംബർ 13

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി (കാറ്റഗറി നമ്പർ-90/2025) തസ്തിക-കൂട്ടിച്ചേർക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്-

സൂചന:- 1. 17.06.2025 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 90/2025 ആയി പ്രസിദ്ധീകരിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി തസ്തികയുടെ വിജ്ഞാപനം

2. ബഹു.കമ്മീഷന്റെ 13.10.2025 തീയതിയിലെ 6-ാം നമ്പർ തീരുമാനം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി തസ്തികയുടെ തെരഞ്ഞെടുപ്പിനായി 17.06.2025 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ-90/2025 ആയി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി 16.07.2025 ആയി വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു.

നാഷണൽ മെഡിക്കൽ കമ്മീഷൻ 30.06.2025 തീയതിയിൽ പുതുക്കിയ ടീച്ചേഴ്സ് എലിജിബിലിറ്റി ക്വാളിഫിക്കേഷൻസ് ഇൻ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് റെഗുലേഷൻസ് 2025 വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിന് അനുസൃതമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി തസ്തികയുടെ വിജ്ഞാപനത്തിൽ ചുവടെപ്പറയും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

**യോഗ്യതകൾ:-**

(1) മെഡിക്കൽ ബയോകെമിസ്ട്രിയിലുള്ള എം.എസ്.സി യും പി.എച്ച്.ഡി യും

(2) ബിരുദാനന്തര ബിരുദം നേടിയതിന് ശേഷം ഒരു അംഗീകൃത മെഡിക്കൽ കോളേജിൽ നിന്ന് ബയോകെമിസ്ട്രിയിൽ ഒരു വർഷത്തെ സീനിയർ റെസിഡന്റ് ആയുള്ള പ്രവൃത്തി പരിചയം

കുറിപ്പ് 1:-ബിരുദാനന്തര ബിരുദം നേടിയതിന് ശേഷം ഒരു അംഗീകൃത മെഡിക്കൽ സ്ഥാപനത്തിൽ നിന്ന് ബയോകെമിസ്ട്രിയിൽ ട്യൂട്ടർ ആയുള്ള പ്രവൃത്തി പരിചയം സീനിയർ റെസിഡന്റ് ആയുള്ള പ്രവൃത്തി പരിചയത്തിന് തത്തുല്യമായി പരിഗണിക്കും.

കുറിപ്പ് 2:- മെഡിക്കൽ ബയോകെമിസ്ട്രിയിൽ എം.എസ്.സി യും പി.എച്ച്.ഡി യും നേടിയതിന് ശേഷം ഒരു അംഗീകൃത മെഡിക്കൽ സ്ഥാപനത്തിൽ നിന്ന് ഡെമോൺസ്ട്രേറ്റർ ആയുള്ള പ്രവൃത്തി പരിചയം സീനിയർ റെസിഡന്റ് ആയുള്ള പ്രവൃത്തി പരിചയത്തിന് തത്തുല്യമായി പരിഗണിക്കും.

(3) ബയോകെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം നേടിയതിന് ശേഷം ഒരു വർഷത്തിൽ കുറയാത്ത അധ്യാപന പരിചയമോ രണ്ട് വർഷത്തിൽ കുറയാത്ത ക്ലിനിക്കൽ പരിചയമോ ഉള്ള സായുധസേനയിലെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർമാർ.

(4) ബയോകെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം നേടിയതിന് ശേഷം കുറഞ്ഞത് 220 കിടക്കകളുള്ള ഒരു ഗവൺമെന്റ് ആശുപത്രിയിൽ ഒരു നോൺ ടീച്ചിംഗ് കൺസൾട്ടന്റ് ആയോ സ്പെഷ്യലിസ്റ്റ് ആയോ മെഡിക്കൽ ഓഫീസർ ആയോ 2 വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയം ഉള്ളവർ; ഇവർ നിയമനത്തിന് ശേഷം രണ്ട് വർഷത്തിനുള്ളിൽ ബേസിക് കോഴ്സ് ഇൻ ബയോമെഡിക്കൽ റിസർച്ച് പൂർത്തിയാക്കിയിരിക്കണം.

(5) ഡിപ്ലോമ യോഗ്യത ഉള്ളതും ഒരു ഗവൺമെന്റ് അംഗീകൃത മെഡിക്കൽ സ്ഥാപനത്തിൽ 08.06.2017 ന് മുമ്പ് നിയമനം നേടിയിട്ടുള്ളതും ബയോകെമിസ്ട്രിയിൽ ആകെ 4 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ളതുമായ സീനിയർ റെസിഡന്റ്.

(6) ഡിപ്ലോമ യോഗ്യത ഉള്ളതും ഒരു ഗവൺമെന്റ് മെഡിക്കൽ സ്ഥാപനത്തിലോ മെഡിക്കൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിവരുന്ന ഒരു ഗവൺമെന്റ് മെഡിക്കൽ സ്ഥാപനത്തിലോ ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റിൽ ആകെ 6 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ളതുമായ സ്പെഷ്യലിസ്റ്റ് അല്ലെങ്കിൽ മെഡിക്കൽ ഓഫീസർ ആയി സേവനത്തിലുള്ളവർ.

**മേൽ ഖണ്ഡിക പ്രകാരം അർഹരായ കാറ്റഗറി നമ്പർ–90/2025 വിജ്ഞാപനപ്രകാരമുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് മാത്രം 05/12/2025 മുതൽ 19/12/2025 അർദ്ധരാത്രി വരെ ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.**

പ്രസ്തുത വിജ്ഞാപനം മേൽപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു. വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

***സാജു ജോർജ്ജ്***
സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ

KERALA PUBLIC SERVICE COMMISSION

ADDENDUM NOTIFICATION

No.GR1A2/5/2025-KPSC-Part(1) Thiruvananthapuram, 13th November 2025

Sub:- Kerala Public Service Commission- Assistant Professor in Biochemistry (Cat.no. 90/2025) in Medical Education Department - Addendum Notification issuing of - reg

Ref:- 1.Notification published for Assistant Professor in Biochemistry (Cat.no. 90/2025) in Medical Education Department in the Gazette dated 17.06.2025
2. Hon. Commission Decision No.6 dated 13.10.2025

Applications had been invited for selection to the post of Assistant Professor in Biochemistry in Medical Education Department vide Cat.no. 90/2025 in the Gazette Notification published on 17.06.2025 fixing 16.07.2025 as the last date for receipt of applications.

The National Medical Commission published new Regulations fixing Teachers Eligibility Qualifications in Medical Institutions vide notification dated 30.06.2025. The Notification for the post of Assistant Professor in Biochemistry (Cat.no. 90/2025) in Medical Education Department is modified as follows in tune with the new NMC Regulations.

**Qualifications:-**

(1) Master of Science in Medical Biochemistry with Doctor of Philosophy in Medical Biochemistry

(2) One Year Experience as Senior Resident in Biochemistry in a Recognized medical College after acquiring Post Graduate Degree

**<u>Note:- 1.</u>** The Experience gained by a **Tutor** in a medical institution in Biochemistry having a Post Graduate Degree, shall be considered equivalent to the Experience required as a Senior Resident.

**<u>Note:- 2</u>** The Experience gained by a **Demonstrator** in a medical institution in Medical Biochemistry having a MSc and Ph.D Degree in Medical Biochemistry, shall be considered equivalent to the Experience required as a Senior Resident.

**(3) Specialist Medical Officers of the armed forces** having at least One year Teaching Experience or two years of Clinical Experience after obtaining Post Graduate Degree in Biochemistry

**(4)** A non-teaching **Consultant** or **Specialist** or **Medical Officer**, possessing Post Graduate Medical Degree in Biochemistry with atleast **2 Years** of Experience in a Government Hospital having atleast 220 beds shall be eligible to become an Assistant Professor in Biochemistry without the requirement of experience as Senior Resident and shall complete the Basic Course in Biomedical Research within two years of appointment

**(5)Diploma holders appointed as Senior Residents** in a recognised Medical institution before 08.06.2017 having total experience of **4 Years** as Senior resident in Biochemistry

**(6) Diploma holders working as Specialist or Medical Officer** in the Department of Biochemistry of a government medical institution or Government medical institution running National Board of Examination and Medical Science recognised teaching programme having cumulative experience of **6 Years**

**Eligible Candidates as per above stated conditions and are qualified as per Category Number 90/2025 only can submit Online application through One Time Registration from 05/12/2025 to 19/12/2025 up to midnight.**

The aforesaid notification stands modified to the above extent and all the other conditions of the notification remain unchanged.

(By Order of the Commission)

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION